പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

വനാതിർത്തിപങ്കിടുന്ന പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച്

317 (328) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഫോറസ്റ്റ് റവന്യൂ അധികൃതർ സംയുക്ത വെരിഫിക്കേഷൻ നടത്തി അതിർത്തി നിർണ്ണയിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വർഷങ്ങളായി കൈവശംവച്ച് നികുതി അടച്ചുകൊണ്ടിരുന്ന ഇത്തരം പ്രദേശങ്ങളിലെ ഭൂനികുതി , വെരിഫിക്കേഷന്റെ പേരിൽ തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ വനം-റവന്യൂ വകുപ്പുകൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കുമോ ;

(സി) സംയുക്ത വെരിഫിക്കേഷൻ അടിയന്തരമായി പൂർത്തിയാക്കി ടി പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയശേഷം അർഹമായ കേസുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം

318 (3295) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly